# എർമിത്താഷ്

## കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ഏററവും മികച്ച ചിത്രാലയം

(എൻ. വി. കൃഷ്ണവാരിയർ)

സോവിയററ് റഷ്യയിലെ ഏററവും വമ്പിച്ച ചിത്രാലയവും കലാവസ്തു സംഭരണാലയവുമായ ലെനിൻഗ്രാഡിലെ എർമിത്താഷ് (Hermitage) സന്ദർശിക്കുവാനുള്ള ഭാഗ്യം ഇക്കഴിഞ്ഞ ആഗസ്റ്റ് 14-ാംനു എനിക്കു കൈവന്നു.

മുപ്പതുലക്ഷം പ്രദർശനവസ്തുക്കൾ ഉൾക്കൊള്ളുന്ന മുന്നൂററമ്പത്തിമൂന്ന് ഹാളുകൾ (ഇവയുടെ തറവിസ്താരം പത്തു ഹെക്ടാറോളമാകുമത്രെ) ഉള്ള എർമിത്താഷ് സാർചക്രവത്തിമാരുടെ ഹേമന്തകാല വാസസ്ഥാനമായിരുന്ന "വിൻടർ പാലസ്സി"ന്റെ ഒരു ഭാഗമാണ്. നേവാനദിയുടെ ഇടത്തെകരയിൽ ഉള്ള ഒരു കൂററൻ മൂന്നുനില കെട്ടിടമായ വിൻററർപാലസ്സ് ഒരു കലാവസ്തുനിലയമായി മാറിയതു് പതിനെട്ടാം നൂററാണ്ടിലായിരുന്നു. രണ്ടാം കാതറിൻ ചക്രവത്തിനിയുടെ സ്വകാര്യസ്വത്തായാണ് അന്നിതു കണക്കാക്കപ്പെട്ടുവന്നിരുന്നതു്. "എനിക്കും എലികൾക്കും മാത്രം ആസ്വദിയ്ക്കാനുള്ളവയാണ് ഇവ" എന്നു് ഇതിലെ കലാവസ്തുക്കളെപ്പററി ചക്രവത്തിനി പറയാറുണ്ടത്രെ. സാധാരണ ജനങ്ങൾക്ക് അതിന്നകത്തേക്ക് പ്രവേശനമുണ്ടായിരുന്നില്ലെന്നു പ്രത്യേകിച്ചു പറയേണ്ടല്ലോ.

1917-ലെ വിപ്ലവത്തിന്നുശേഷം "എർമിത്താഷ്" റഷ്യയിലെ ബഹുജനങ്ങളുടെ സ്വത്തായിത്തീന്നു. ചിത്രങ്ങളുടെ സംഖ്യ അതിന്നുശേഷം മൂന്നിരട്ടികണ്ടു് വദ്ധിച്ചു. ഇക്കഴിഞ്ഞ മഹായുദ്ധകാലത്തു് ആയിരം ദിവസത്തോളം ലെനിൻഗ്രാഡ് പട്ടണം ജമ്മൻ സൈന്യങ്ങളാൽ വളയപ്പെട്ടു. പീരങ്കിവെടിയേററും ബോംബു വീണും 540 ലക്ഷം ചതുരയടിസ്ഥലത്തുള്ള കെട്ടിടങ്ങളെല്ലാം തകന്നു. ആകെയുണ്ടായിരുന്ന 25 ലക്ഷം ജനങ്ങളിൽ ഏഴുലക്ഷത്തോളം പേർ മരിച്ചു. അപ്പോഴും എർമിത്താഷിലെ ചിത്രങ്ങളും കലാവസ്തുക്കളും യാതൊരു കേടുംകൂടാതെ സംരക്ഷിക്കുവാൻ റഷ്യക്കാർ മറന്നില്ല. തങ്ങളുടെ കലാപൈതൃകത്തെപ്പററി റഷ്യൻജനതയ്ക്കുള്ള ഉൽബുദ്ധമായ അഭിമാനത്തിന്റെ വാചാലങ്ങളായ സാക്ഷ്യങ്ങളാണ് എർമിത്താഷിലെ മുപ്പതുലക്ഷം പ്രദർശനവസ്തുക്കളിലോരോന്നും.

ആണ്ടുതോറും ഇരുപതുലക്ഷത്തിൽപ്പരം സന്ദർശകർ ഈ ചിത്രാലയം സന്ദർശിക്കുന്നുണ്ടു്. ഏതു ദിവസത്തിലായാലും "ക്യൂ"വിൽ കുറെ നേരം നിന്നേ അകത്തു കടക്കാൻ പററൂ. വിദേശീയാതിഥികൾ എന്ന നിലയ്ക്കു് ക്യൂവിൽ കാത്തുനില്ക്കാതെതന്നെ അകത്തു കടക്കാനും ഏതാനും മണിക്കൂറുകൾ ഈ ആനന്ദൈകമയമായ പ്രതിഭാപ്രപഞ്ചത്തിൽ കഴിച്ചുകൂട്ടാനും ഞങ്ങൾക്കു സാധിച്ചു.

പ്രാകൃതജനങ്ങളുടെ ജീവിതസമ്പ്രദായങ്ങൾ, പൌരസ്ത്യസംസ്കാരങ്ങൾ, റഷ്യൻ സംസ്കാരം, സോവിയററ് പൂവ്വദേശസംസ്കാരങ്ങൾ, ഗ്രീക്ക്-ലാററിൻ സംസ്കാരങ്ങൾ, പാശ്ചാത്യയൂറോപ്യൻ ചിത്രകലാ പ്രസ്ഥാനങ്ങൾ മുതലായവയെ അനുക്രമം ഉദാഹരിയ്ക്കുന്നവയാണ് എർമിത്താഷിലെ കലാവസ്തുക്കൾ. ചിത്രങ്ങൾ, പ്രതിമകൾ, വീട്ടുസാമാനങ്ങൾ, കളിമൺപാത്രങ്ങൾ, സ്വണ്ണം, വെള്ളി, ഗ്ലാസ് എന്നിവകൊണ്ടുള്ള വസ്തുക്കൾ,

തുണികൾ, ആയുധങ്ങൾ, രത്നങ്ങൾ, ദന്തശില്പങ്ങൾ, നാണ്യങ്ങൾ, ശിലാശില്പങ്ങൾ — അങ്ങിനെ നിരവധി മീഡിയങ്ങളിലൂടെ അനേകം നൂററാണ്ടുകളിലായി ഭൂമിയുടെ വിഭിന്ന പ്രദേശങ്ങളിൽ മനുഷ്യപ്രതിഭയുടെ സൌന്ദര്യസ്വപ്നങ്ങൾ മൂർത്തരൂപം പ്രാപിച്ചതു് നമുക്കിവിടെ കാണാൻ കഴിയുന്നു.

അത്യാധുനിക പാശ്ചാത്യചിത്രകലാപ്രസ്ഥാനങ്ങൾക്ക് — ക്യൂബിസം, സർറിയലിസം, ആബ്സ്ട്രാക്റ്റ്, എക്സ്പ്രഷണിസം, പോപ്പ് മുതലായവയ്ക്കു് — മതിയായ പ്രാതിനിദ്ധ്യം ഇവിടെ നൽകപ്പെട്ടിട്ടില്ല എന്നു് ആക്ഷേപമുണ്ടു്. പിക്കാസ്സോ, മത്തീസ്സ് മുതലായവരുടെ ഏതാനും ചിത്രങ്ങളുണ്ടെങ്കിലും, അവയുടെ എണ്ണം താരതമ്യേന തുലോം കുറവാണെന്നു സമ്മതിക്കാതെ തരമില്ല. എന്നാൽ നവോത്ഥാനകാലത്തേയും, തുടർന്നുള്ള ഡച്ച്-ഫ്ലെമിഷ് ഇബ്രഷണിസ്റ്റ് കാലഘട്ടങ്ങളിലേയും ചിത്രങ്ങൾ വളരെയധികമുണ്ടു്. പീററർഫാൾ റൂബെൻസിൻെറ ചിത്രങ്ങളുടെ ഏററവും വലിയ ശേഖരം ഇവിടെയാണെന്നാണ് എൻെറ അറിവ്. പ്രഥമ ദർശനത്തിൽത്തന്നെ ഹൃദയത്തെ ആകർഷിക്കുകയും, മനുഷ്യജീവിതത്തിൻെറയും ബാഹ്യപ്രകൃതിയുടേയും ലോലവും ക്ഷണഭംഗുരവും ആയ സൌന്ദര്യംകൊണ്ടു് മനസ്സിനെ മഥിക്കുകയും ചെയ്യുന്ന ഇമ്പ്രഷണിസ്റ്റ് ചിത്രങ്ങൾ നോക്കാനാണ് കിട്ടിയ സമയത്തിൽ അധികവും ഞാൻ ഇവിടെ ചെലവഴിച്ചത്.

കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലായാലും മുതലാളിത്തരാജ്യങ്ങളിലായാലും, പാശ്ചാത്യർ കലയ്ക്കു തുല്യമായ ആദരം നൽകുന്നു. മനുഷ്യജീവിതത്തിൻെറ ഉൽകൃഷ്ടസിദ്ധികളിലൊന്നായി അവർ കലയെ കണക്കാക്കുന്നു. ലക്ഷക്കണക്കിനു് മനുഷ്യരെ ഗ്യാസ് ചെയിംബറുകളിലിട്ടു് കൊല്ലാൻ മടിക്കാതിരുന്ന ഹിററ്ലരുടെ നാത്സികൾക്കൂടി റഷ്യയിലെ വിൻറർപാലസ്സിൻെറയോ ഇംഗ്ലണ്ടിലെ ബ്രിട്ടീഷ്മ്യൂസിയത്തിൻെറയോ മേൽ ബോംബെറിഞ്ഞില്ല. യുദ്ധങ്ങൾ വരും; പോവും; കലാസൃഷ്ടികൾ സംരക്ഷിക്കപ്പെടും.

അതു് പാശ്ചാത്യനാടുകളിൽ ഇന്ത്യയിലോ? നമ്മുടെ ക്ഷേത്രങ്ങളിലെ അത്യുൽകൃഷ്ടങ്ങളായ ആരാധനാവിഗ്രഹങ്ങൾപോലും കട്ടെടുത്തു് ഏതാനും രൂപയ്ക്കു് പാശ്ചാത്യർക്കു് വില്ക്കാൻ ഇന്നും നാം മടിക്കുന്നില്ല. സുപ്രസിദ്ധനായ ഭോജരാജാവു് ധാരാനഗരിയിൽ പ്രതിഷ്ഠിച്ചാരാധിച്ചിരുന്ന സരസ്വതിയുടെ കരിങ്കൽപ്രതിമ കാണണമെന്നുള്ളവർ ഇന്നു ബ്രിട്ടീഷ്മ്യൂസിയത്തിൽ പോകേണ്ടിയിരിക്കുന്നു.

Phone: 3582

LOHI SPORTS

S. M. Street, CALICUT-1.

*The only Authorised Dealers For*

THE PRODUCT OF

**Pioneer Sports Works (P.) Ltd.**

FOR ALL SPORTS GOODS APPROACH.